കേരള സർക്കാർ

നമ്പർ. 84/ഡി.ബി-2/2016/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 25/5/2016.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്– സ്കൂളുകളിൽ പെൺകുട്ടികൾക്കായി ടോയ് ലറ്റ് - സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 18.01.2016 ലെ സി.ആർ.എം.പി.നം.5016/01/എൽ.എ-1/2015/കെ.ഇ.എസ്.സി.പി.സി.ആർ നം.ഉത്തരവ്

2) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രജിസ്ട്രാറുടെ 23.01.2016 ലെ 5016/01/എൽ.എ-1/ 2015/ കെ.ഇ.എസ്.സി.പി.സി. ആർ നമ്പർ കത്ത്.

---------------

ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിനികൾ എന്ന പേരിൽ മേൽവിലാസമില്ലാതെ ലഭ്യമായ ഒരു ഹർജി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ ലഭിക്കുകയുണ്ടായി. പ്രസ്തുത ഹർജിയിൽ രാവിലെ 8.45 മുതൽ വൈകുന്നേരം 4.45 വരെയുള്ള നിലവിലെ പ്ലസ് വൺ, പ്ലസ് ടു സ്കൂൾ വിദ്യാഭ്യാസ പഠനസമയക്രമം ഇവരെ ദുരിതത്തിലാക്കുന്നെന്നും, അധികം പേർക്കും അകലെയുള്ള സ്ഥലങ്ങളിൽ നിന്നു വേണം സ്കൂളിൽ എത്തേണ്ടതെന്നും, പലർക്കും രാവിലെ 7 മണി മുതൽ ട്യൂഷൻ ഉള്ളതുകൊണ്ട് 6 മണിക്ക് മുമ്പ് തന്നെ വീട്ടിൽ നിന്നും ഇറങ്ങേണ്ടി വരുന്നെന്നും, ട്യൂഷൻ സെന്ററുകളിലും, മിക്ക സ്കൂളുകളിലും ശുദ്ധിയായതും, വെള്ള സൗകര്യമുള്ളതുമായ ശുചിമുറികളില്ലെന്നും ആയതിനാൽ ഇവർ വളരെ ദുരിതം അനുഭവിക്കുന്നുവെന്നും, പ്രൊഫഷണൽ കോഴ്സുകൾ പോലും രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയാണ് ക്ലാസ് സമയമെന്നും, ആയതിനാൽ ഇവരുടെയും വരും

തലമുറയുടെയും ദുരിതത്തിന് അറുതി വരുത്തുന്നതിന് ഉചിതമായ നടപടി കമ്മീഷൻ സ്വീകരിക്കണമെന്നും കമ്മീഷനോട് അപേക്ഷിക്കുകയുണ്ടായി. ആയത് പരിശോധിച്ച കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എ) ശുദ്ധമായ കുടിവെള്ളം, സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജല ലഭ്യതയോടുകൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനേറ്റർ അഥവാ വെയിസ്റ്റ് ഡിസ്പോസിംഗ് സൗകര്യം എന്നിവ സ്കൂൾ നടത്തിപ്പിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമാക്കുകയും ആയത് എല്ലാ സ്കൂളുകൾക്കും ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെ ബാധകമാണെന്ന് നിർദ്ദേശിക്കുകയും, പരിശോധനാ വേളയിൽ ഇത്തരം സൗകര്യങ്ങളില്ലാത്ത സ്കൂൾ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കി ഒരു സർക്കുലർ 1-ാം എതിർകക്ഷി (പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് ) പുറപ്പെടുവിക്കേണ്ടതാണ്.

ബി) മേൽ നിർദ്ദേശം എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളും, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനാധികൃതർ ഒരു അധ്യയന വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകൾ പരിശോധിക്കണമെന്ന് നിർദ്ദേശിച്ച് 4-ാം എതിർകക്ഷി (ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം) പൊതു നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.

സി) ലബ്ബാ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2015-16 അധ്യയന വർഷം നടപ്പിലാക്കിയ ഹയർ സെക്കൻഡറി സ്കൂൾ സമയക്രമം എത്ര മാത്രം കുട്ടികളുടെ ആരോഗ്യപരവും, ബൗദ്ധികപരവും സാമൂഹ്യപരവുമായ വളർച്ചയ്ക്ക് ഗുണകരമാണെന്ന് കുട്ടികളുടെയും അധ്യാപകരുടെയും മാതാപിതാക്കളുടെയും ഇടയിൽ പഠനം നടത്തി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ 1-ാം എതിർകക്ഷി (പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് ) സ്വീകരിക്കേണ്ടതാണ്.

ടി സാഹചര്യത്തിൽ സൂചന (1)ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവ് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ശുദ്ധമായ കുടിവെള്ളം, ജല ലഭ്യതയോടു കൂടിയ യൂറിനൽസ് ടോയിലറ്റ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിംഗ് മെഷീൻ എന്നീ സൗകര്യങ്ങൾ എല്ലാ എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ അധികാരികൾ വർഷത്തിൽ രണ്ട് പ്രാവശ്യം പരിശോധിച്ച് ശ്രദ്ധയിൽപ്പെടുന്ന വീഴ്ചകൾ, വീഴ്ച വരുത്തുന്ന സ്കൂൾ അധികാരികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജെ.ഉണ്ണികൃഷ്ണൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശ സ്വയംഭരണ (ഒ.എസ്) വകുപ്പ് (ഫയൽ നമ്പർ 84/ഡിബി2/16/തസ്വഭവ)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ